# പ്രതീക്ഷ

## ജി.എച്ച്.എസ് വെള്ളാർമല

## ലിറ്റിൽ കൈറ്റ്സ്
## ഡിജിറ്റൽ മാഗസിൻ

# പ്രതീക്ഷ

school dijital magazine 2019-20
littlekites ghss vellarmala

CHIEF EDITOR
UNNIKRISHNAN

STAFF EDITOR
BHADRA VIJAYAN

littlekites
MEREENA
MEGNA
SUHADA
HISANA HANN
ATHADILA
SHAKKIRA
THANSEENA
HIBA

COVER
littlekites Ghss vellarmala

STATEMENT OF OWNERSHIP AND OTHER PARTICULARS
Place of publication : ghss vellarmala, vythiri educational subdistrict, wayanad
Nationality : Indian

## ഉള്ളടക്കം

ബാലഭാസ്കർ....4
അതിഥി....5
ഓർമകളിലെ വെള്ളാർമല....6
മറവിതന്ന ദൈവത്തിന് നന്ദി....7
ചെരുപ്പ്....8
ചിറകില്ല പക്ഷി....11
സതി....14
മായാത്ത ദിവസം....15
പരമസത്യം....17
വിലാപം....18
എന്റെ ബാല്യകാലഓർമകൾ....19
രാജകുമാരിയുംമാലാഖമാരും....20
അഹങ്കാരിയായ മനുഷൻ....22

## ബാലഭാസ്കർ

***സംഗീതത്തിൻ മാന്ത്രികനെ***
***സംഗീതംകൊണ്ട് കൂട് കൂട്ടിലെ***
***ജീവിച്ചുതീരും മുമ്പ് തന്നെ നിന്റെ -***
***ജീവനെടുത്തതല്ലെ ദൈവം***
***ജീവിച്ച കൊതിതീരും മുമ്പ് തന്നെ നിന്റെ -***
***ജീവനെടുത്തതല്ലെ ദൈവം***
***പ്രിയനെ നാം ജീവിതം സ്നേഹ -***
***കൂട്ടിലായ നേരം നീ എന്നെ വീട്ട് പോയില്ലേ....***
***ഞാൻ നിന്നെ തനിച്ചാക്കിയതല്ല***
***നമ്മുടെ മോളവിടെ തനിച്ചല്ലേ....***
***മരിച്ചിട്ടില്ല മണ്ണടിഞ്ഞിട്ടില്ല***
***ആകാശത്തിലെ കാണാപ്പറവകളെപ്പോലെ***
***എപ്പോഴുമുണ്ട് ഞാനാകാശത്തിൽ***

***By***
***Devatheertha***
***6 A***

## അതിഥി

*ഏറെ കാലത്തിന്റെ കാത്തിരിപ്പിന് ശേഷം എന്നിലേക്ക് ഒരു അതിഥി വന്നു. അതിന്റെ സന്തോഷം എനിക്ക് പറയാൻ തന്നെ കഴിയുന്നില്ല. ഞാനത് ഈ കുറിപ്പുകളിൽ എഴുതുന്നു. പറ്റില്ല എന്ന് പറഞ്ഞിട്ടും ആത്മവിശ്വസത്തോടെ നിന്നതുകൊണ്ടായിരിക്കും എനിക്ക് ആ സന്തോഷ നാളുകൾ വന്നത്. ആ അതിഥി കടന്നു വരുന്ന സമയം എല്ലാവർക്കും സന്തോഷമായിരിക്കും ഉണ്ടാവുക. പിന്നെ അതു കഴിഞ്ഞാൽ ആ സന്തോഷമങ്ങ് മങ്ങും. പക്ഷെ എനിക്ക് ആ അനുഭവം ഉണ്ടായിട്ടില്ല. കാരണം ആ അതിഥി എനിക്ക് പ്രിയപ്പെട്ടതായിരുന്നു. ഒന്നിനോടല്ല എല്ലാത്തിനോടും . എന്തോ എനിക്കറിയില്ല ഈ സന്തോഷത്തിന്റെ രഹസ്യം. അതെനിക്ക് ഉൾകൊള്ളാൻ കഴിയുന്നില്ല. ഏറെ കാലത്തെ ആഗ്രഹം സഫലമാകുമ്പോൾ എനിക്ക് മാത്രമല്ല കുറേ പേർക്ക് അത് ഏറെ സന്തോഷമാണ് പകർന്നത്. ആ സമയം മനസ്സിൽ നിന്നും മായിച്ചു കളയാൻ പറ്റാത്തത്ര സന്തോഷമുണ്ടായിരുന്നു. എനിക്ക് ഇതിൽ കുറിക്കാൻ കഴിയുന്നില്ല ആ സന്തോഷ നിമിഷം. എന്തോ അത് എന്റെ മനസ്സിന്റെ ആഴത്തിൽ ഇറങ്ങി ചെന്നിരുന്നു. എന്റെ മനസ്സിൽ നിന്ന് ഒരിക്കലും ആർക്കും മായിച്ചു കളയാൻ*

***പറ്റാത്തൊരാളായിരുന്നു ആ അതിഥി. ഇരുട്ടിലേക്ക് ഒരു വെളിച്ചമായാണ് അവൻ വന്നത്. സത്യത്തിൽ ആ അതിഥി ഒരു വെളിച്ചം തന്നെ...***

***BY***
***Adhila***
***&***
***Hisana***

**ഓർമകളിലെ വെള്ളാർമല**

***ദ്രുതിയിൽ ഓടുന്ന ഹൃദയമിടിപ്പിനൊപ്പം വെള്ളാർമല സ്കൂളിന്റെ പാദയോരത്ത് അമ്മയുടെ വിരൽ തുമ്പിൽ തൂങ്ങി കൊണ്ട് ഞാൻ നടന്നെത്തി. വെള്ളാർമല വിദ്യാലയത്തിലെ എന്റെ ആദ്യ ദിനം. അലൻകാര തോരണങ്ങളും , ബലൂണുകളും കണ്ട നേരം ആദ്യം എന്റെ കൊച്ചു മനസ്സിൽ ചെറിയൊരു പേട്ടം എത്തി. അതു പിന്നെ അതിരില്ലാത്ത സന്തോഷത്തിലേക്ക് എന്നെ എത്തിച്ചു. ഒരുപാട് കാലത്തെ എന്റെ മോഹങ്ങൾക്ക് അന്ന് ഞാൻ വെള്ളാർമല എന്ന് പേരു നൽകി. അങ്ങനെ ഒരു കൂട്ടം സ്വപ്നങ്ങളുമായി ഞാൻ വരാന്തയിൽ കൂടി ഒന്നു നടന്നു നോക്കി. വഴിയിൽ കണ്ടതെല്ലാം തീർത്തും അപരിചിതമായ മുഖങ്ങൾ. പക്ഷെ പരിചിതരെ പോലെ അവർ പുഞ്ചിരിച്ചിരുന്നു. അങ്ങനെ പുഞ്ചിരിച്ചവരിൽ പെട്ടതാണ് മിനി ടീച്ചറും , ഉണ്ണി മാഷും , മറ്റു അധ്യാപകരും. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു പോയി. സ്കൂൾ സുപരിചിതമായെൻകിലും ഹൃദയത്തിൽ***

***എവിടെയോ , എന്തൊക്കെയോ എരിഞ്ഞു കൊണ്ടിരുന്നു. ഒരു പക്ഷെ ഞാൻ ഓരോ ദിവസവും എന്തൊക്കെയോ നേരിടുന്നുണ്ടെൻകിലും എന്തോ നഷ്ടപ്പെടുന്നതുപോലെ തോന്നി.... അങ്ങനെ ഞാൻ വെള്ളാർമല എന്ന വിദ്യാലയത്തിൽ അലിഞ്ഞു ചേർന്നു. അതിലെ ഒരു തളിരിലായി ഞാൻ മാറി ഒമ്പതു വർഷം പിന്നിട്ടിരിക്കുന്നു. എന്റെ വിദ്യാലയ ജീവിതം ഇത്ര നാളത്തെയും ഓർമകൾ എന്റെ മനസ്സിന് കൂട്ടാണ്. ഇനി വെറും ഒരു വർഷം മാത്രം നീണ്ടുനിൽക്കുന്ന വെള്ളാർമല വിദ്യാലയത്തിൽ എനിക്ക് ഒത്തിരി ഓർമകളുടെ പുതിയ ദിവസങ്ങൾക്കായി ഞാനും എന്റെ സുഹൃത്തുക്കളും കാത്തിരിക്കുന്നു.***

***By***
***Ashidha***
***Shakira***

## മറവിതന്ന ദൈവത്തിന് നന്ദി

പണ്ടൊക്കെ പരീക്ഷാ കാലമാകുമ്പോഴേക്കും ഞാൻ മറവിയെ ശപിച്ച് സമയം കളയുമായിരുന്നു. പക്ഷെ ഇന്ന് ജീവിതത്തിന്റെ ദുർബല  മായ പാതയിൽ ഒന്നും നേടാതെ നഷ്ടമായ ഒത്തിരി
സ്വപ്ന സങ്കൽപ്പങ്ങളും മോഹ
ഭംഗികളും മാത്രം അവശേഷി
ക്കുമ്പോൾ മറവി , അതെന്നി-
ൽ ഒരു അനുഗ്രഹമാറി ,മറവി അത് ഒരിക്കലും ശത്രുവല്ല മിത്രമാണ് .നിലച്ചു പോയ

ഒത്തിരി മോഹസങ്കൽപ്പങ്ങ-
ൾക്ക് മറയിട്ടുകയായിരുന്ന
മറവി ഒരിക്കൽ മറവിയെ പഴിചാരിയ ഞാൻ ഇന്ന് മറവി തന്ന
ദൈവത്തിന് നന്ദി അർപ്പിക്കുന്നു

By
Dilsha
JIMBU NSKS

**ചെരുപ്പ്**

- **രണ്ടു മാസത്തെ വേനലവധിക്ക് ശേഷം കൂടുതൽ തുന്നികൂട്ടിയ ചെരുപ്പും,പുസ്തകം നിറച്ച് പിടിച്ച തുണിസഞ്ചിയും വിരൽതുമ്പിൽ തൂക്കി നരകയറിയ പഴയ യൂണിഫോമും ധരിച്ച് അവൾ എത്തി പതിവുപോലെ ഒരുപാടുപേർ അവൾക്ക് പിന്നിൽ കോശ്ഠി**

കാണിച്ചും,കളിയാക്കിയും ഉണ്ടായിരുന്നു പക്ഷെ ഇതൊന്നും കാര്യമാക്കാതെ അവൾ  നടന്നു പതിവരപോലെ ലില്ലിയെയും കാത്ത് പാത്തുക്കുട്ടി വഴിവക്കത്ത് എവിടെയെങ്കിലും നിൽക്കും ലില്ലി കോർത്തുകൊണ്ടുവരുന്ന മുല്ലപൂക്കൾ

- വിറ്റായിരുന്നു അന്തയായ പാത്തുകുട്ടി ജീവിക്കാറ് എന്നും വിറ്റ് കിട്ടുന്നതിന്റെ ഒരു പങ്ക് അവൾ ലില്ലിക്ക് വേണ്ടി മാറ്റിവെക്കും.എന്നും ഇത ലില്ലി വളരെ കരതലോടെ തന്റെ പണകുടുക്കയിൽ ഇട്ടുവെക്കും.കുഞ്ഞിലെ അവളുടെ അച്ഛൻമരിച്ചു .ഒരു പാടുപെട്ടാണ് അവളുടെ അമ്മ അവളെ വളർത്തുന്നത് . അരിവാങ്ങുന്നതിനിടെ ലില്ലിക്ക് വേണ്ടി ഒരു ചെരുപ്പവാങ്ങാൻ അമ്മക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല. അതിനൊന്നും ഉള്ള സാഹചര്യം
- ആ സ്ത്രീക്ക് കിട്ടില്ലായിരുന്നു.പണികഴിഞ്ഞ് വന്ന് ചോർന്നൊലിക്കുന്ന ഭാഗത്ത് പാത്രങ്ങൾ വെക്കുന്ന തിരക്കിലായിരിക്കും.ലില്ലി തന്റെ പരാതികളും,പരിഭവങ്ങളും അമ്മയെ  അറിയിക്കാറ്.പലപ്പോഴും ഇതൊക്കെ കേട്ട് അമ്മ ദുഖിക്കാറുണ്ട്.പക്ഷെ പലിശക്കാരുടെ മുഖമോർക്കുമ്പോൾ വീട്ടിലേക്കുള്ള അരി വാങ്ങാൻ -എങ്കിലും ഒരുപാട് നാളായി തന്റെ മകൾ പറയുന്ന പശയും, തുന്നിക്കൂട്ടലും ഇല്ലാത്ത ചെരുപ്പ്. വാങ്ങികൊടുക്കണമെന്ന് ആ അമ്മ തീരുമാനിച്ചു.ഈ വിവരം അറിഞ്ഞ്  ലില്ലി ഒരുപാട് സ്വപ്നം കാണാൻ തുടങ്ങി.ഇനിയെങ്കിലും കളിയാക്കലുകളില്ലാതെ  സ്കൂളിൽ പോകണം എന്ന് അവൾ ആശിച്ചു.എങ്ങനെയോ അവൾ അന്നത്തെ രാത്രി തള്ളി നീരണ്ടു മാസത്തെ വേനലവധിക്ക്

ശേഷം കൂടുതൽ തുന്നികൂട്ടിയ ചെരുപ്പും,പുസ്തകം നിറച്ച് പിടിച്ച തുണിസഞ്ചിയും വിരൽതുമ്പിൽ തൂക്കി നരകയറിയ പഴയ യീണിഫോമും ധരിച്ച് അവൾ എത്തി പതിവുപോലെ ഒരുപാടുപേർ അവൾക്ക് പിന്നിൽ കോശ്ഠി

കാണിച്ചും,കളിയാക്കിയും ഉണ്ടായിരുന്നു പക്ഷെ ഇതൊന്നും കാര്യമാക്കാതെ അവൾ  നടന്നു പതിവരപോലെ ലില്ലിയെയും കാത്ത് പാത്തുക്കുട്ടി വഴിവക്കത്ത് എവിടെയെങ്കിലും നിൽക്കും ലില്ലി കോർത്തുകൊണ്ടുവരുന്ന മുല്ലപൂക്കൾ

- വിറ്റായിരുന്നു അന്തയായ പാത്തുകുട്ടി ജീവിക്കാറ് എന്നും വിറ്റ് കിട്ടുന്നതിന്റെ ഒരു പങ്ക് അവൾ ലില്ലിക്ക് വേണ്ടി

മാറ്റിവെക്കും.എന്നും ഇത ലില്ലി വളരെ കരതലോടെ തന്റെ

പണകുടുക്കയിൽ ഇട്ടുവെക്കും.കുഞ്ഞിലെ അവളുടെ അച്ഛൻമരിച്ച

.ഒരു പാടുപെട്ടാണ് അവളുടെ അമ്മ അവളെ വളർത്തുന്നത് . അരിവാങ്ങുന്നതിനിടെ ലില്ലിക്ക് വേണ്ടി ഒരു ചെരുപ്പവാങ്ങാൻ

അമ്മക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല. അതിനൊന്നും ഉള്ള സാഹചര്യം

- ആ സ്ത്രീക്ക് കിട്ടില്ലായിരുന്നു.പണികഴിഞ്ഞ് വന്ന് ചോർന്നൊലിക്കുന്ന ഭാഗത്ത് പാത്രങ്ങൾ വെക്കുന്ന

തിരക്കിലായിരിക്കും.ലില്ലി തന്റെ പരാതികളും,പരിഭവങ്ങളും

അമ്മയെ  അറിയിക്കാറ്.പലപ്പോഴും ഇതൊക്കെ കേട്ട് അമ്മ

ദുഖിക്കാറുണ്ട്.പക്ഷെ പലിശക്കാരുടെ മുഖമോർക്കുമ്പോൾ വീട്ടിലേക്കുള്ള അരി വാങ്ങാൻ പോലും അമ്മക്ക് ഭയമായിരുന്നു എങ്കിലും ഒരു പാട് നാളായി തന്റെ മകൾ പറയുന്ന  പശയും തുന്നികൂട്ടലും ഇല്ലാത്തചെരുപ്പ്

- വാങ്ങി കൊടുക്കണമെന്ന്ആ  അമ്മ തീരുമാനിച്ച  ഈ വിവരം

അറിഞ്ഞ് ലില്ലി ഒരു പാട് സ്വപ്നം കാണാൻ തുടങ്ങി .
ഇനിയെങ്കിലുംകളിയാക്കലു-

- കളില്ലാത്ത സ്കൂളിൽ പോകണം എന്ന്
- അവൾ ആശിച്ചു . എങ്ങനെയോ അവൾ അന്നത്തെ രാത്രി

തള്ളി നീക്കി . പിറ്റേന്ന്  രാവിലെ കുളിച്ചൊരുങ്ങി കുഞ്ഞു പൊട്ടും കുത്തി അമ്മയുടെ വിരൽ തുമ്പിൽ പിടിക്കാനൊരുങ്ങിയ അവൾ വീണ്ടും വേഗത്തിൽ വീട്ടിലേക്കോടി .തിരിച്ച് വരുമ്പോൾ അവളുടെ കയ്യിൽ പഴയ തുരുമ്പിച്ച കൊച്ചു പണപെട്ടിയും ഉണ്ടായിരുന്നു അങ്ങനെ അവൾ പട്ടണത്തിലെത്തി . എല്ലാവരും തിരക്ക്  പിടിച്ചോടുന്നവർ മാത്രം .ലില്ലി പലപ്പോഴുംപലരുടെയും മുഖത്ത് നോക്കി പുഞ്ചിരിച്ചു .പക്ഷെ ആ കൊച്ചു കുഞ്ഞിന്റെ പുഞ്ചിരി വകവെക്കാതെ  എന്തോ തിരഞ്ഞ് കൊണ്ട് പരതിനടക്കുന്നത് പോലൊ എല്ലാവാരും നടന്നു. അങ്ങനെ ലില്ലിയുടെ ആഗ്രഹം പോലെ അവളുടെ ആഗ്രഹം പോലെ അവളുടെ കുഞ്ഞി കാലിന് ഇണങ്ങുന്ന  ഒരു ചെരുപ്പ് വാങ്ങി. അവൾ തിരികെ നടന്നു.  എല്ലാ കടകളെയും മാറി മാറി   നോക്കുന്നതിനിടയാണ് വലിയ ഒരു ലോറിക്കു മുമ്പിൽ നിൽക്കുന്ന പാത്തുക്കുട്ടിയെ ലില്ലി കണ്ടത്. അവൾ ഒന്നും നോക്കാതെ അങ്ങോട്ടേക്ക് ഓടി. പാത്തു കുട്ടിയെ തള്ളി മാറ്റി അവൾക്ക് പുറകിൽ ലില്ലി എന്ന് വിളിച്ചു കൊണ്ട് അവളുടെ അമ്മയും ഉണ്ടായിരുന്നു. അവസാനനേരം അമ്മക്ക് ലില്ലിയേയോ ,ലില്ലിക്ക് അമ്മയേയോ രക്ഷിക്കാനായില്ല. ഒരു അന്തയായ ജീവനു വേണ്ടി രണ്ട് ജീവനുകൾ തിരക്കുപിടിച്ച ആ റോഡിൽ അവസാനിച്ചു. ഏറെ ആശിച്ച് ലില്ല്ക്ക് വാങ്ങിയ

**കുഞ്ഞു ചെരുപ്പ് ആ റോഡിനരികിലെ ഓടയിൽ വീണു.**

**By**
**Ashidha**
**9 A**

## ചിറകില്ല പക്ഷി

നിശബ്ദരാകുന്ന ജനങ്ങൾ ചീറിപായുന്ന വാഹനങ്ങൾ എവിടെയും തിരക്ക്. സ്വന്തം മക്കൾക്ക് വേണ്ടി എന്തും ചെയ്യുന്ന രക്ഷിതാക്കൾ. അങ്ങനെയുള്ള ഒരു വ്യക്തിയാണ് വേലായുധൻ. വേലായുധന്റെ മകളാണ് ചിന്നു. അവൾക്ക് അമ്മ ഉണ്ടായിരുന്നില്ല. മരിച്ചു പോയതാണ്. അതുകൊണ്ട് തന്റെ അമ്മ പ്രകൃതിയാണെന്നാണ് അവൾ വിശ്വസിക്കുന്നത്. അമ്മ അവളുടെ കൂടെയില്ലെന്ന കാര്യം അവൾ ഓർക്കുക പോലുമില്ല. ചിന്നുവിന് വേലായുധനെ വളരെ ഇഷ്ടമാണ്. അങ്ങനെയിരിക്കെ ജൂൺ മാസം വന്നു. അവൾക്ക് വളരെയേറെ സന്തോഷമായി. പക്ഷേ അവളുടെ സന്തോഷം അധികകാലം നിലനിന്നില്ല കാരണം കേരളം മുഴുവൻപിടിച്ചുകുലുക്കി പ്രളയം വന്നു. ആഗസ്റ്റ് 8 ശക്തമായ മഴ.അവളുടെ വീട് പുത്തുമലയാണ്.

അവിടം വളരെ സുന്ദരമാണ് ചുറ്റിലും തെയില തോട്ടം.
അമ്പലത്തിൽ നിന്ന് പ്രാർത്ഥനയും പള്ളിയിൽ നിന്ന് ബാക്
വിളിയും ഉയരുന്ന നാട് .പക്ഷേ ആ മഴയിലും വേലായുധൻ
പണിക്ക് പോയി.അച്ഛൻ വരുന്നതു വരെ അവളവിടെ ഇരുന്നു.
വേലായുധൻ വരും വരെ അവളുടെ മനസ്സിൽ വേവലാധി
ആയിരുന്നു. ചിന്നു വളരെ പ്രകൃതി സ്നേഹിയായിരുന്നു. അവൾക്ക്
കുറെ സ്വപ്നങ്ങളുണ്ടായിരുന്നു. അങ്ങനെ അവളവിടെ ഇരുന്ന
സമയം ഒരു പക്ഷി അവളുടെ കൈകളിൽ വന്നിരുന്നു. പക്ഷേ ആ
പക്ഷിക്ക് ചിറകില്ലായിരുന്നു. അവൾ ഓർത്തു ഈ പക്ഷിക്കും
ഒരുപാട് സ്വപ്നങ്ങളുണ്ടാവില്ലേ. ആ സ്വപ്നങ്ങളെല്ലാം
ചിറകുകാരണം തകർന്നടിഞ്ഞിട്ടുണ്ടാവില്ലേ. അപ്പോൾ തന്നെ
എല്ലാം കഴിഞ്ഞു. ഉരുൾപൊട്ടൽ
അവളെ കൊണ്ടു പോയി. എകിലും അവൾ ആ ചിറകില്ലാ
പക്ഷിയെ കൈവിട്ടില്ല .അവൾ മരിച്ചു. അങ്ങനെ അവളുടെ സ്വപ്ന
ചിറകുകൾ അറ്റുവീണു. അങ്ങനെ അവൾ ഒരു ചിറകില്ല
പക്ഷിയായി.

By
Devatheertha
6 A

## സതി

അപ്പൻ ചത്ത ചിതയിലേക്ക്
എൻ അമ്മ പോവണതെന്തിന്
അപ്പന്റെ ചിത കത്തിതീരും മുൻബ്
എൻ അമ്മ പോവണതെന്തിന്
അമ്മയുടെ വെന്തുറഞ്ഞ ശരീരം
കണ്ടു ഞാൻ ഭയന്നു പോയമ്മേ...
അമ്മ പോയത്
എന്നെ തനിച്ചാക്കാനാണോ ?
എന്നോട് ഇഷ്ടം കുറഞ്ഞിട്ടാണോ
അതോ അപ്പനോടുള്ള
ഇഷ്ടം കൊണ്ടാണോ
അമ്മതന്നെല്ലെ പറഞ്ഞത്
ആകാശത്തിൽ കാർമുകിൽ പോയാലും
എൻ അമ്മ എന്നെ വിട്ട് പോകില്ലെന്ന്.

By
Devatheertha 6.A

<u>മായാത്ത ദിവസം</u>

**ഞാൻ എന്നും എഴുന്നേൽക്കുന്നതുപോലെ ഇന്നും എഴുന്നേറ്റു. അപ്പോഴാണ് അച്ചൻ എന്നോട് പറഞ്ഞത് "അമ്മൂ... ഇന്നും സ്കൂളിന് അവധിയാണ് മോളേ..." ഞാൻ ചാടിയെഴുന്നേറ്റ് ചായ കുടിച്ച് പിന്നെയും കിടന്നു. ഞാൻ ഉറക്കത്തിൽ മയങ്ങിയിരിക്കുമ്പോഴാണ് അനിയൻ വന്ന് എന്നെ ഉറക്കത്തിൽ നിന്നും എഴുന്നേൽപ്പിച്ചത്. എന്നിട്ട് ഞാനും അവനും കുറേ വഴക്കിട്ടു. അങ്ങനെ ഉച്ച ആയപ്പോൾ ചോറ് തിന്നു. മഴ തകർത്തു പെയ്യാൻ തുടങ്ങി. അപ്പോൾ എന്റെ അമ്മായിയുടെ മകൾ വന്നു പറഞ്ഞു : അമ്മു വാ...ഇത് ഒന്ന് വന്ന് നോക്ക് ഞാൻ ആകാംക്ഷയോടെ പോയപ്പോൾ കണ്ട കാഴ്ച. പാലം ഒലിച്ചു പോയി. പാലം ഉണ്ടായ സ്ഥലത്തിനു രണ്ടു മടങ്ങ് മുകളിലൂടെയായിരുന്നു വെള്ളത്തിന്റെ ഒഴുക്ക്. കുറച്ച് കഴിഞ്ഞ് അവൾ അത് കാണാൻ പോയി. ഞങ്ങളെ വിളിച്ചു പക്ഷേ ഞങ്ങൾ പോയില്ല. അവൾ പോയി കുറച്ച് കഴിഞ്ഞപ്പോഴാണ് ഭീകരമായി ഉരുൾപൊട്ടൽ സംഭവിച്ചത്. ഉരുൾപൊട്ടി വരുന്നതിന്റെ കുറച്ച് മുമ്പായിരുന്നു ഞങ്ങൾ വീട്ടിലുണ്ടായിരുന്ന അജി ചേച്ചിയേയും ഷൈല ചേച്ചിയേയും അമ്മായിയുടെ മകൾ വന്ന് വിളിച്ചത്. കുറേ നിർബന്ധിച്ചു. പക്ഷേ അവർ പോയില്ല. അച്ചനും മാമൻമാരും പുതിയ വീട് കെട്ടുന്ന സ്ഥലത്ത് മണ്ണിടിഞ്ഞത് വൃത്തിയാക്കാൻ പോയി. ഉരുൾപൊട്ടിയ വിവരം അറിഞ്ഞപ്പൊ അവർക്ക് വരാൻ കഴിഞ്ഞില്ല. അമ്മയുടെ വേവലാതി കൂടി. ഉരുൾപൊട്ടി വരുന്നത് ഞങ്ങൾ കണ്ടു. ഞങ്ങൾ നിന്നിരുന്ന പാടിയുടെ അടുത്തുണ്ടായിരുന്ന പോസ്റ്റ് കാറ്റിന്റെ ശക്തിയും ഉരുൾപൊട്ടിയതിന്റെ ഭാഗമായും പോസ്റ്റ് ആടി**

**കളിക്കുമ്പോൾ പാടി കുലുങ്ങുന്നുണ്ടായിരുന്നു. ഞങ്ങളെല്ലാവരും നന്ദനയുടെ പാടിയിലേക്ക് ഓടി. അപ്പോൾ അവിടെ നിന്നും ഞങ്ങളോട് പോവാൻ പറഞ്ഞു. പോകുന്ന വഴി കാൽതെറ്റി ഞാൻ വീണു മുറിവ് പറ്റി. ആ രാത്രി എവിടേക്കും പോകാൻ കഴിയാത്തതുക്കൊണ്ട് ഫോറസ്റ്റ് കോട്ടേഴ്സിൽ താമസിച്ചു. പിറ്റെ ദിവസം ഞങ്ങളെ മേപ്പാടി സ്കൂളിലേക്ക് മാറ്റി. അവിടേക്ക് മാറ്റിയ ശേഷവും അച്ചൻ ഞങ്ങളുടെ കൂടെ ഇല്ലായിരുന്നു. സംഭവം കഴിഞ്ഞ് ഒരു ദിവസം കഴിഞ്ഞാണ് അച്ഛൻ വന്നത്. പിന്നെ കുറച്ച് ദിവസം ഞങ്ങളെല്ലാവരും അവിടെ കഴിഞ്ഞു. ക്യാമ്പിലെ അവസാന ദിവസം വന്നു. അത്രയും ദിവസം ക്യാമ്പിൽ ഞങ്ങൾക്ക് ഒരു കുറവും വരാത്ത എല്ലാവരും സഹകരിച്ചു. എന്നാലും വീടിന്റെയും ഉരുൾപൊട്ടലിൽ മരിച്ചവരുടെയും കാര്യം ഓർക്കുമ്പോൾ മനസ്സ് വല്ലാതെ തളർന്നു പോയി. ആഗസ്റ്റ് 8 മുതൽ തിരിച്ചു വീട്ടിൽ വന്ന ദിവസം വരെ എന്റെ മനസ്സിൽ നിന്ന് മറക്കാൻ കഴിയാത്ത ഒന്നാണ്.**

**By**
**Adhithya**
**9 A**

## പരമസത്യം

*മിന്നിത്തിളങ്ങുന്ന ആ താരകം എന്നെ കൂടുതൽ ആകർഷിച്ചു. കണ്ണെടുക്കാതെ നോക്കി നിൽക്കാൻ തോന്നിയ ആ താരകത്തെ ഞാൻ ഏറെ ഇഷ്ടപ്പെട്ടു. മറക്കാതിരിക്കാൻ ആ താരകം എന്തോ ഒന്ന് എന്നിൽ മറന്നു വെച്ചിരുന്നതായി എനിക്ക് അനുഭവപ്പെട്ടു. നിത്യവും പുഞ്ചിരി തൂകുന്ന ആ താരകം. എന്റെ ഹൃദയ കലകളെ എപ്പോഴോ കവർന്നെടുത്തിരുന്നു. ഞാൻ പോലും അറിയാതെ മായയായി മാറി. പക്ഷെ ആ താരകത്തിന്റെ തിളക്കം ഇത്രയേറെ ആസ്വദിക്കുന്ന ആസ്വാധികയെ ആ താരകം ഇന്നും തിരിച്ചറിഞ്ഞിട്ടില്ല – എന്നതാണ് പരമസത്യം.*

***By***
***Ashidha***
***9 A***

**വിലാപം**

**എന്തു തെറ്റാണ് അവൻ നിങ്ങളോട് ചെയ്തത്. കുറച്ച് നെൽ മണികൾ മോഷ്ടിച്ചതോ, അറിഞ്ഞുവോ നീ അവന്റെ വിശപ്പിന്റെ തീവ്രത. കുറച്ച് നെൽമണി മോഷ്ടിച്ചതിന്റെ പേരിൽ തല്ലിക്കെടുത്തി.**
**നിങ്ങളാപാവത്തിന്റ പ്രാണൻ അവന്റെ കൺപീലിതൻ കോണിൽ നിന്നുതിർന്നു വീണ ഓരോ നീർത്തുള്ളിയും ചുടു രക്തമായി മാറിയിരുന്നു. വിശപ്പിന്റെ അന്ധകാരത്തിൽ നിന്ന് വന്നവനെ നിങ്ങൾ ക്രൂരമായി മർദ്ദിച്ചു. നിരപരാതിത്ത്വം അറിഞ്ഞിട്ടും തെറ്റല്ലെന്നറിഞ്ഞിട്ടും അറിഞ്ഞില്ലെന്ന് നടിച്ച് തിന്മയാക്കി മാറ്റി.**

**By**
**Shakira. R**
***9 A***

## എന്റെ ബാല്യകാലഓർമകൾ

എനിക്കോർമ്മ വെച്ചനാൾമുതൽ എന്റെ അമ്മയാണ്. എന്നെനോക്കിവളർത്തിയത്.എന്റെ അച്ഛന്റെ കൈയ്യിൽ പണമില്ലെകില്ലും ഞാൻ എന്തുചോദിച്ചാലും എല്ലാം വാങ്ങിച്ചുതരും.ഞാൻതെറ്റായ വഴിയിലൂടെപോകുമ്പോൾ എന്റെ അമ്മ നേരായവഴിയിലൂടെ പോകാൻ പഠിപ്പിച്ചുതന്നു.നമ്മൾ ബസ്സിൽ യാത്രചെയ്യുമ്പോൾ മുതിർന്നരും വയസായവരും വന്നാൽ നമ്മൾ എഴന്നേറ്റ് ഇരികാൻ സ്ഥലം കൊടുക്കണം എന്ന് എന്റെ അച്ഛനും അമ്മയും പഠിപ്പിച്ചുതന്നിട്ടുണ്ട്. നമ്മളുടെ വയസ്സിന് മുത്തവരായാലും ഇളയവരെആയലും ചീത്തവിളിക്കാനോ ചീത്തവാക്കുകൾ പറയാനൊ പാടില്ല.മറിച്ച് അവരെ ബഹുമാനിക്കണം എന്നാണ് എന്റെ മാതാപിതാക്കൾ എന്നെ പടിപ്പിച്ചിട്ടുള്ള കാര്യങ്ങൾ.എന്റെ അച്ഛനും അമ്മയും പഠിപ്പിച്ച കാര്യങ്ങൾ എനിക്ക് എന്റെ ജീവിതത്തിൽ മറക്കാൻ സാതിക്കില്ല.എനിക്ക് എന്റെ മാതാപിതാക്കൾ കഴിഞ്ഞേയുള്ളൂ വേറാരും.

By
Ardhra
***6***

**രാജകുമാരിയുംമാലാഖമാരും**

പണ്ട് പണ്ട് ഒരു കൊട്ടാരത്തിൽ ഒരു രാജകുമാരിയുണ്ടായിരുന്നു. ആ- രാജകുമാരിക്ക് ധാരാളം തോട്ടങ്ങൾ ഉണ്ടായിരുന്നു.ഒരു ദിവസം രാജകുമാരി-യുടെ ആപ്പിൾ തോട്ടത്തിലേക്ക് മൂന്ന് മാ-ലാഖമാർ വന്നു.ചിന്നു,അമ്മു,പൊന്നു.അമ്മുവും പൊന്നുവും ആപ്പിൾ പറിച്ചു.ചി-ന്നുവിന് വല്യപ്പം ഇല്ലാത്തതുകൊണ്ട് -അവൾക്ക് ആപ്പിൾ പറിക്കുവാൻ സാധിച്ചില്ല.ഇതു കണ്ട രാജകുമാരി ചിന്നുവിനെ കളിയാക്കി ചിരിച്ചു.ചിന്നുവിന് ദേഷ്യം വന്നു. രാജകുമാരി മത്തങ്ങ ആകട്ടെ എന്ന് അവൾ ശപിച്ചു. അതാരജകുമാരിയടെ സ്ഥാനത്ത്  ഒരു മത്തങ്ങ നേരം പുലർന്നു കൊട്ടാരത്തിലെ വേലകാരിയായ ലക്ഷിമി രാവിലെ ആയപോ രാജകുമാരിയുടെ അടുത്തേക്ക് ചെന്നു.അവിചെ ആരെയും കണ്ടില്ല.പകരം ഒരു മത്തങ്ങ അത് കറിക്കു വേണ്ടി ലക്ഷിമി എടുത്ത് പാചകശാലയിലേയക്ക് കൊണ്ടു വന്നു.മുറിക്കുവാൻ ശ്രുമിച്ചപ്പോൾ അത് അവരുടെ കൈയ്യിൽ നിന്നും തെറിച്ച് പുറത്തേയക്ക് വീണു.ഉരുണ്ട് ഉരുണ്ട് തെട്ടടുത്ത നദിയിലേക്ക് വീണു ഉരുണ്ടുംഒഴുകിയും തന്റെ രക്ഷക്കായി കരഞ്ഞുംകൊണ്ട്

മത്തങ്ങ മുന്നൊട്ട് പൊയ്ക്കോണ്ടിരുന്നു.അവിടെ കുളിച്ച
കൊണ്ടിരുന്ന ഒരാൾ ഒഴുകി വരുന്നമത്തങ്ങയെ കൈയ്യിലെടുത്തു.
അദ്ദേഹത്തിന് എന്തോ ഒരു പ്രത്യേകതതോന്നി.അയാൾ
മത്തങ്ങയെ വിട്ടിലേക്ക് കൊണ്ട്പോയി .രാജകുമാരി
തന്റെ വിഷമം മുഴവൻ അദ്ദേഹത്തോട് പറഞ്ഞു.

Muhammed Ameen
***1A***

## അഹങ്കാരിയായ മനുഷൻ

ഒരു ഗ്രമത്തിൽ പണക്കാരനും അഹങ്കാരിയുമായ ഒരു വക്തി ഉണ്ടായിരുന്നു. അയാൾ പണത്തി-
നുവേണ്ടി തന്റെ ജീവിതം മുഴുവൻ മാറ്റിവച്ചു.അങ്ങനെ ഇരിക്കെ ഒരു ദിവസം തന്റെ സ്നേഹനിതിയായ അമ്മ തന്നോട് ഒരു അവശ്യം നടത്തിതരാൻ പറഞ്ഞു. താൻ ഒരു സാധാരണ ജീവിതം നയിക്കണമെന്ന് തന്റെ അമ്മ തന്നോട് പറഞ്ഞു... ഈ അഗ്രഹംഅദ്ദേഹത്തിന് നടത്താൻ സാധിക്കില്ല എന്നു പറഞ്ഞു.അന്നു തന്നെ തന്റെ അമ്മ മരണമടഞ്ഞു .എന്നിട്ടും തന്റെ അമ്മക്കുവേണ്ടി അയാൾ ഒന്നും ചെയ്തില്ല തന്റെ അമ്മയുടെ ജഡം തന്റെ ബംഗ്ലാവിന്റെ പറമ്പിൽ കൊണ്ടുപോയി അടക്കം ചെയ്തു.അന്നു മുതൽ തന്റെ ജീവിതത്തിൽ പതനങ്ങൾ ആരംഭിച്ചു. അങ്ങനെ തന്റെ ജീവിതം വെറുതെയായി എന്നു തോന്നിതുടങ്ങി അങ്ങനെയിരിക്കെ താൻ ചെയ്തുപോയ പാപങ്ങൾ ആലോചിച്ചപ്പോൾതന്റെ അമ്മയെ കുറിച്ച് ആലോചിച്ചുഅമ്മയുടെ സ്നേഹം നിരസിച്ചതും അമ്മയുടെആഗ്രഹം നടത്താത്തതും  എല്ലാം അദ്ദേഹം ആലോചിച്ചു.......അങ്ങനെ തന്റെ ജീവിതത്തിൽ  നന്മകൾ  ചെയ്യാൻ ആഗ്രഹിച്ച അദ്ദേഹം ഒരു നല്ല വക്തിയായി തന്റെ ജീവിതം മുന്നോട്ട് പോയി

By

Mereena 9.A Meghana 9.B

# നന്ദി

ഓരോ ഋതുവിനും
ഒരുപാട് കാര്യങ്ങൾ പറയാനുണ്ട് .......
കൊഴിഞ്ഞുവീണയിലകൾപോലെ
ഒരുപാടോർമ്മകൾ ബാക്കിയാക്കിയാണ്
അവയോരോന്നും കടന്നുപോകുന്നത് ....
പുറംകാഴ്ചയിൽനിന്നും
അകക്കാഴ്ചയിലൂടെ ഊർന്നിറങ്ങി
കനവുണർന്ന പുലരിച്ചോപ്പിൽ
ഒരു പുഴയായ് ഒഴുകാൻ കഴിഞ്ഞെങ്കിൽ
ധന്യനായി ....

